LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾ

43 [1175] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ/ ലാഭം മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു;

(ബി) പുതുതായി പ്രസ്തുത നിയോജകമണ്ഡലത്തിൽ അവ എവിടെയെല്ലാം സ്ഥാപിക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ശുപാർശ ചെയ്യപ്പെട്ട പ്രദേശങ്ങളിൽ അവ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 22 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ലാഭം മാർക്കറ്റുകൾ ഒന്നും നിലവിലില്ല.

(ബി) വെമ്പായം, വട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ പുതുതായി ഒരോ ലാഭം മാർക്കറ്റുകൾ ആരംഭിക്കുവാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നിലവിൽ ശുപാർശകളൊന്നും ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

നിരോധിക്കപ്പെട്ട പാനീയങ്ങൾ

44 [1176] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കുപ്പി പാനീയങ്ങൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പാനീയങ്ങൾക്ക് നിരോധനം എന്നു മുതൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുപ്പി പാനീയങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.